18324
16/11/16

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ സംസ്ഥാനത്ത് നടപ്പിലാക്കുന്ന പൊതുവിതരണ സമ്പ്രദായം - വിതരണതോതും നിരക്കും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

സ.ഉ.(കൈ) നം.20/2016/ഭ.പൊ.വി.വ തിരുവനന്തപുരം, തീയതി 15.11.2016.

==========================================================

പരാമർശം : - സ.ഉ(കൈ)നം.11/2016/ഭ.പൊ.വി.വ തീയതി 29.08.2016.

<u>ഉത്തരവ്</u>

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ അളവിലും വിലയിലും സമഗ്രമായ വ്യത്യാസം ഉണ്ടാകുന്നുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് നിലവിലുള്ള പൊതുവിതരണ സമ്പ്രദായത്തിലും ആനുപാതികമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സംസ്ഥാനത്ത് നടപ്പിലാക്കേണ്ട പൊതുവിതരണ സമ്പ്രദായത്തിലെ വിതരണത്തോതും നിരക്കും താഴെപറയും പ്രകാരം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

1) സംസ്ഥാനത്ത് പ്രസിദ്ധീകരിച്ച താൽക്കാലിക മുൻഗണനാ പട്ടികയിൽ (അന്തിമ പട്ടികയ്ക്ക് വിധേയമായി) അന്ത്യോദയ അന്നയോജന (എ.എ.വൈ) വിഭാഗങ്ങളിൽ പ്പെടുന്ന 595800 കാർഡുകളിലെ 2558631 ഗുണഭോക്താക്കൾക്ക്, നിലവിലുള്ള പ്രകാരം തന്നെ, കാർഡ് ഒന്നിന് 35 കിലോ അരി വീതം സമ്പൂർണ്ണ സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതാണ്.

2) താൽക്കാലിക മുൻഗണനാ പട്ടികയിലെ ശേഷിക്കുന്ന 2837236 കാർഡുകളിലെ 12921410 ഗുണഭോക്താക്കൾക്ക് (അന്തിമ പട്ടികയ്ക്ക് വിധേയമായി) ആളൊന്നിന് 5 കിലോ ധാന്യങ്ങൾ (അരിയും ഗോതമ്പും) 80:20 അനുപാതത്തിൽ സമ്പൂർണ്ണ സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതാണ്.

3) സംസ്ഥാനത്തിന്റെ ടൈഡ്ഓവർ വിഹിതത്തിൽ നിന്നും കരട് മുൻഗണനാ ഇതരപ്പട്ടികയിൽപെട്ടവരായ (അന്തിമ പട്ടികയ്ക്ക് വിധേയമായി) ആദ്യത്തെ 12150769 ആളുകൾക്ക് മുമ്പ് എ.പി.എൽ (എസ്.എസ്) വിഭാഗത്തിന് പരിഗണന ലഭിച്ചതുപോലെ, 2 രൂപ നിരക്കിൽ, ആളൊന്നിന് 2 കി.ഗ്രാം അരി വിതരണം ചെയ്യുന്നതാണ്.

4) ശേഷിക്കുന്ന മുൻഗണനാ ഇതരവിഭാഗത്തിന് 1 കിലോ ആട്ട അല്ലെങ്കിൽ ഗോതമ്പ്, ലഭ്യമായ അളവിൽ അരി എന്നിവ നിലവിൽ നൽകുന്ന എ.പി.എൽ നിരക്കിൽ തന്നെ വിതരണം ചെയ്യുന്ന കാര്യം പരിശോധിച്ച് പിന്നീട് ഉത്തരവാകുന്നതാണ്.

5) അന്തിമ പട്ടിക പ്രസിദ്ധീകരിക്കപ്പെടുന്ന മുറയ്ക്ക് മേൽ ഉത്തരവിൽ സൂചിപ്പിക്കുന്ന നിരക്ക് ഒഴികെയുള്ള വസ്തുതാപരമായ വിവരങ്ങളിൽ (ആളുകളുടെയും കാർഡുകളുടെയും എ ണ്ണം മുതലായവ) മാറ്റങ്ങളുണ്ടെങ്കിൽ അതനുസരിച്ച് ഈ ഉത്തരവ് ഭേദഗതി ചെയ്യുന്നതാണ്

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
മിനി ആന്റണി
സ്പെഷ്യൽ സെക്രട്ടറി

1. സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം
2. സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം
3. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി
4. പൊതുഭരണ (എസ്.സി) വകുപ്പ്
5. ഇൻഫർ മേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
   (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. തദ്ദേശ സ്വയം ഭരണ വകുപ്പ്
7. സാമൂഹിക നീതി വകുപ്പ്
8. റവന്യൂ വകുപ്പ്
9. ഭക്ഷ്യ പൊതുവിതരണ (ഡി) വകുപ്പ്
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ